**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1176** **07-10-2021 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി-താമരശ്ശേരി-മുക്കം-അരീക്കോട്-എടവണ്ണ റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി-താമരശ്ശേരി-മുക്കം-അരീക്കോട്-എടവണ്ണ റോഡിലെ നവീകരണ പ്രവൃത്തി എത്ര ഘട്ടമായിട്ടാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കൊയിലാണ്ടി - താമരശ്ശേരി - മുക്കം-അരീക്കോട്-എടവണ്ണ റോഡിലെ നവീകരണ പ്രവൃത്തി നാല് ഘട്ടമായിട്ടാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഈ റോഡിന്റെ 25 ശതമാനത്തോളം പണികൾ പൂർത്തീകരിച്ചു കഴിഞ്ഞു. നാല് ഘട്ടങ്ങളായി ഈ പ്രവൃത്തി 24/05/2022 ഓടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് |
| (ബി) | പ്രസ്തുത നവീകരണത്തിൽ ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) | 9 മീറ്റർ വീതിയിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന നവീകരണ പ്രവൃത്തിയിൽ കലങ്കുകളുടെ പുനരുദ്ധാരണം, റോഡുകളുടെ ഇരുവശത്തും മഴ വെള്ളം ഒഴുകിപോകുന്നതിനായി കോൺക്രീറ്റ് ഡ്രെയിൻ നിർമ്മാണം,പാർക്കിംഗിന് ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ പേവർ ബ്ലോക്കുകൾ ജംഗ്ഷനുകളിലും ഫുട്പാത്തുകളിലും ഹാന്റ് റെയിലുകൾ, റിഫ്ളെക്ടീവ് സൈൻ ബോർഡുകൾ, റോഡ് മാർക്കിംഗ്, ബസ് ഷെൽട്ടർ, സ്ട്രീറ്റ് ലൈറ്റുകൾ, ഹൈമാസ്റ്റ് ലൈറ്റുകൾ എന്നിവ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രധാനപ്പെട്ട ജംഗ്ഷനുകളിലും ടൗണുകളിലും ഫുട്പാത്തും കൈവരിയും നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | ജംഗ്ഷനുകളിലും ബിൽറ്റ് അപ്പ് ലൊക്കേഷനുകളിലും ടൈലുകൾ പാകുന്നതിനും, എരഞ്ഞിമാവ് എടവണ്ണ റോഡിൽ 5.8 കി.മീറ്ററിൽ ഹാൻഡ് റെയിലുകൾ സ്ഥാപിക്കുന്നതിനും പ്രൊപ്പോസൽ ഉണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത പ്രവൃത്തി എഗ്രിമെന്റ് പ്രകാരം സമയബന്ധിതമായി പൂർത്തികരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് |

സെക്ഷൻ ഓഫീസർ